മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, വർഗ്ഗീയ സംഘർഷങ്ങൾകൊണ്ട് കലുഷിതമായിരുന്ന നാദാപുരത്ത് സമാധാനം കൈവരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ വിജയിച്ചു വരുന്നതിൽ ഗവൺമെന്റിനു സന്തോഷമുണ്ട്. 10.30a.m.] നാദാപുരത്ത് ഇതുപോലുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പറും അവിടത്തെ കമ്മിറ്റികളും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(20) പാലക്കാട് ജില്ലയിലെ മുസ്ലീം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കുടിശ്ശിക

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, 1999 മുതൽ പാലക്കാട് ജില്ലയിലെ മുസ്ലീം വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ തലത്തിലും കോളേജു തലത്തിലും കൊടുക്കുന്ന സ്കോളർഷിപ്പ് പെൻഡിംഗിലാണ്. ബഡ്ജറ്റ് അലോട്ടുമെന്റില്ല എന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി അടിയന്തിരമായും ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, മുസ്ലീം——നാടാർ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിൽ കുറച്ചു കുടിശ്ശിക വന്നിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ മൂന്നു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എത്രയും വേഗം കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(21) സ്വകാര്യ ബസ് പണിമുടക്ക്

ശ്രീ. യു. സി. രാമൻ: സർ, ഈ മാസം 26 മുതൽ നടന്നു വരുന്ന സ്വകാര്യ ബസ് സമരംമൂലം സാധാരണക്കാരായ ജനങ്ങൾ വളരെയധികം യാത്രാദുരിതം അനുഭവിക്കുകയാണ്. ഈ ബസ് സമരം ഒത്തുതീർപ്പാക്കി സാധാരണക്കാരുടെ യാത്രാദുരിതം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഞാൻ നേരത്തെ ഇവിടെ ഒരു മറുപടി പറഞ്ഞതാണ്. ഇന്നത്തെ മന്ത്രിസഭായോഗം ഇക്കാര്യം ആലോചിക്കുന്നുണ്ട്. അതിനുശേഷം ഒരു തീരുമാനമെടുക്കും.

(22) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കൽ

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, 1996 മാർച്ചുമാസം 31-ാം തീയതിയിലെ ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിന് തൊഴിലാളികൾ കേരളത്തിലുണ്ട്. ഏതാണ്ട് പന്തീരായിരത്തിൽ കൂടുതൽ വരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുമെന്നു സർക്കാർ പല പ്രാവശ്യം പല ഘട്ടങ്ങളിലായി ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും ഇതുവരേയും നടപടികൾ ഉണ്ടായിട്ടില്ല. ഹൈക്കോടതിയിൽ ഈയിടെ ഒരു കേസ് വിചാരണ ചെയ്തു. ഒരുപാടു കേസ്സുകളുണ്ടായിരുന്നു എന്നു ലേബർ മന്ത്രി പറയുന്നു. അന്തിമമായി ഒരു കേസിൽ വിധി കൽപ്പിച്ചിട്ടുണ്ട്. അവരെ പുനരധിവസിപ്പിക്കാനുള്ള കുറെ നിർദ്ദേശങ്ങളടങ്ങിയ പരാമർശത്തോടുകൂടി ഗവൺമെന്റിനു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനെത്തുടർന്ന് ഈ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതെന്താണെന്നു വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly